"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - സാമൂഹ്യനീതി വകുപ്പിന് കീഴിൽ തിരുവനന്തപുരം, കോഴിക്കോട് എന്നീ ജില്ലകളിലായി പ്രവർത്തിക്കുന്ന ഭിന്നശേഷി തൊഴിൽ പരിശീലന കേന്ദ്രങ്ങളുടെ വിവിധ നവീകരണ പ്രവർത്തനങ്ങൾക്കും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുമായി തുക വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി(എ) വകുപ്പ്**

സ.ഉ.(സാധാ) നം.199/2023/SJD   തീയതി,തിരുവനന്തപുരം, 26-09-2023

---

പരാമർശം:-
1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 11.08.2023-ലെ എസ്.ജെ.ഡി/2307/2022/ഡി.2 നമ്പർ കത്ത്
2. 04.08.2023-ൽ കൂടിയ വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ യോഗനടപടിക്കുറിപ്പ്

**ഉത്തരവ്**

2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ സാമൂഹ്യനീതി വകുപ്പിനായി "ഭരണസംവിധാനം മെച്ചപ്പെടുത്തൽ" എന്ന പദ്ധതിയ്ക്കായി 2235-02-001-96-പ്ലാൻ എന്ന ശീർഷകത്തിൽ പദ്ധതി വിഹിതമായി 6,00,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൻ കീഴിൽ സാമൂഹ്യനീതി വകുപ്പിന്റെ നൈപുണ്യവികസന കേന്ദ്രങ്ങളും തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളും നവീകരിയ്ക്കൽ, ഹോസ്റ്റൽ സാകര്യം ലഭ്യമാക്കൽ, ഉൽപാദക യൂണിറ്റുകൾ സ്ഥാപിയ്ക്കൽ, യന്ത്രസാമഗ്രികകളുടെ സംഭരണം, പുതിയ കോഴ്സുകൾ ആരംഭിയ്ക്കൽ എന്നിവ കംപോണന്റുകളായി ഉൾപ്പെടുന്നുണ്ട്. ഈ സാഹചര്യത്തിൽ ഭിന്നശേഷിക്കാരുടെ തൊഴിൽ പരിശീലനത്തിനായി സാമൂഹ്യനീതി വകുപ്പിന് കീഴിൽ തിരുവനന്തപുരം, കോഴിക്കോട് എന്നീ ജില്ലകളിലായി പ്രവർത്തിക്കുന്ന രണ്ട് തൊഴിൽ പരിശീലന കേന്ദ്രങ്ങളുടെ വിവിധ നവീകരണ പ്രവർത്തനങ്ങൾക്കും പുതിയ കോഴ്സുകൾ ആരംഭിക്കൽ എന്നീ പദ്ധതികൾക്കായി അനുമതിയും ആയതിലേക്ക് ആവശ്യമായ 69,20,803/- രൂപ മേൽപറഞ്ഞ ശീർഷകത്തിൽ നിന്നും അനുവദിക്കണമെന്നും അഭ്യർത്ഥിച്ച് കൊണ്ട് പരാമർശം 1-പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

ഈ വിഷയം പരാമർശം 2-പ്രകാരമുള്ള വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പരിഗണിക്കുകയും പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 2023-2024 സാമ്പത്തിക വർഷത്തെ 2235-02-001-96-പ്ലാൻ എന്ന ശീർഷകത്തിൽ നിന്നും 69,20,803/- രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകാവുന്നതാണെന്ന് ശിപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ 2235-02-001-96-പ്ലാൻ എന്ന ശീർഷകത്തിൽ "ഭരണസംവിധാനം മെച്ചപ്പെടുത്തൽ" എന്ന പേരിലുള്ള സമഗ്ര പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ള 6,00,00,000/- രൂപയിൽ നിന്നും 69,20,803/- രൂപ (അറുപത്തൊമ്പതു ലക്ഷത്തി ഇരുപതിനായിരത്തി എണ്ണൂറ്റിമൂന്ന് രൂപ മാത്രം) സാമൂഹ്യനീതി വകുപ്പിന് കീഴിൽ തിരുവനന്തപുരം, കോഴിക്കോട് എന്നീ ജില്ലകളിലായി പ്രവർത്തിക്കുന്ന ഭിന്നശേഷി തൊഴിൽ പരിശീലന കേന്ദ്രങ്ങളുടെ വിവിധ നവീകരണ പ്രവർത്തനങ്ങൾക്കും പുതിയ കോഴ്സുകൾ ആരംഭിക്കൽ എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനായി (കോഴിക്കോട് ജില്ലയിലെ തൊഴിൽ പരിശീലനകേന്ദ്രത്തിനായി 36,45,888/- രൂപയും തിരുവനന്തപുരം ജില്ലയിലെ തൊഴിൽ പരിശീലനകേന്ദ്രത്തിനായി 30,74,915 രൂപയും എന്നീ ക്രമത്തിൽ) വിനിയോഗിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് ഭരണാനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പ്രസ്തുത തുക കൈപ്പറ്റി മൂന്ന് മാസത്തിനകം ഇത് സംബന്ധിച്ച ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും, തിരുവനന്തപുരത്തെ പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ ( ആഡിറ്റ്/എ ആൻറ് ഇ), എന്നിവർക്ക് ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ് കുമാർ.റ്റി.ഐ
ജോയിന്റ് സെക്രട്ടറി

പകർപ്പ് : ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ / എ ആന്റ് ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം,തിരുവനന്തപുരം.
ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ്
ഡയറക്ടർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ വെബ്-സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Vipin.s.d.
Date: 26-09-2023 15:18:30

സ.ഉ.(സാധാ) നം.199/2023/SJD

സെക്ഷൻ ഓഫീസർ